(ബി) ഇതിൽ 10,000 രൂപയ്ക്ക് മുകളിൽ ധനസഹായം നൽകിയ എത്ര അപേക്ഷകൾ ഉണ്ടായിരുന്നു; അവരുടെ പേര് വിവരം, നൽകിയ തുക സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിക്കാറില്ല.

പറമ്പിക്കുളം-ആളിയാർ കരാർ

66 (T+1806) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരളത്തിന് നൽകുന്ന ജല വിഹിതം എത്രയെന്ന് വിശദമാക്കുമോ;

(ബി) കേരള-തമിഴ്നാട് ജലവിനിമയ നിയന്ത്രണ ബോർഡ് യോഗം ചേർന്നത് എന്നാണ് എന്ന് വ്യക്തമാക്കുമോ; പ്രസ്തുത ബോർഡ് വർഷത്തിൽ എത്ര തവണ യോഗം ചേരുമെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കരാർ പ്രകാരം നടപ്പ് വർഷം സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള ജലം എത്രയെന്നും ഭാവിയിൽ എത്ര ലഭിക്കുമെന്നും ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട ജലവിഹിതം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(i) പെരിയാർ നദീതടത്തിലെ നീരാർ വിയറിൽ നിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള കാലയളവിൽ കേരളത്തിലേയ്ക്ക് തിരിച്ച് വിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. ഈ ജലം കേരളത്തിന് എല്ലാ വർഷവും ലഭിച്ചുവരുന്നുണ്ട്.

(ii) ചാലക്കുടി നദീതടത്തിൽ നിന്നും ഓരോ വർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരള ഷോളയാർ പവർഹൗസിൽ അളന്നു പുറത്തുവിടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(iii) ലോവർ നീരാർ ഡാമിന്റേയും, പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ചുകണക്കാക്കി 16.5 ടി.എം.സി. ജലം തമിഴ്നാടിനും, അതിൽ അധികമായി വരുന്ന 2.5 ടി.എം.സി. ജലം കേരളത്തിലെ ചിറ്റൂർ താലൂക്കിലെ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടിപുഴയിലേയ്ക്കും വിടേണ്ടതാണ്.

(iv) കേരളത്തിലെ ചിറ്റൂർ പുഴയ്ക്ക് പ്രതിവർഷം 7.25 ടി.എം.സി. ജലം കേരളാതിർത്തിക്കടുത്തുള്ള മണക്കടവു വിയറിൽ ലഭ്യമാക്കേണ്ടതാണ്.

(ബി) തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വെച്ച്, പി.എ.പി. കരാറിൽ സൂചിപ്പിച്ചിട്ടുള്ള സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (Joint Water Regulation Board) 96-ാമത് യോഗം 19-1-2016-ൽ ചേരുകയുണ്ടായി. കരാർ വ്യവസ്ഥകൾ അനുസരിച്ച് ജലക്രമീകരണം നടത്തുന്നതിന്റെ മേൽനോട്ടം വഹിക്കുന്നത് ജോയിന്റ് വാട്ടർ റഗുലേഷൻ ബോർഡാണ്. പി.എ.പി. കരാറിലെ ഷെഡ്യൂൾ അഞ്ചിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളനുസരിച്ച് പദ്ധതി പ്രദേശത്തെ സ്ഥിതിഗതികൾക്കനുസരണമായി ആവശ്യമുള്ള സന്ദർഭങ്ങളിലെല്ലാം Joint Water Regulation Board കൂടുകയും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുവരുന്നു. ബോർഡിന്റെ യോഗങ്ങളിൽ പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം നേടിയെടുക്കുന്നതിന്, കേരളത്തിന്റെ പ്രതിനിധികൾ ശക്തമായി വാദിക്കുകയും കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ ജാഗ്രത പുലർത്താറുമുണ്ട്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) യിൽ നിന്നും നടപ്പ് ജലവർഷത്തിൽ (2015-2016) 8-2-2016 വരെയുള്ള കാലത്തേയ്ക്ക് കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ് :

(i) മണക്കടവ് വിയർ : 4891 Mcft

(ii) കേരള ഷോളയാർ : 5562.39 Mcft

(iii) നീരാർ : 1131.49 Mcft (2015 ഒക്ടോബർ 1 മുതൽ 2016 ജനുവരി 31 വരെ)

നടപ്പ് ജലവർഷത്തിൽ (2015-16) മണക്കടവ് വിയറിൽ ചിറ്റൂർപുഴ പദ്ധതി പ്രദേശത്തിന്റെ കാർഷികാവശ്യങ്ങൾക്ക് വേണ്ട ജലം കേരളത്തിന്റെ ആവശ്യപ്രകാരം ലഭിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2016 ജനുവരി മാസം 19-ന് നടന്ന 96-ാമത് സംയുക്ത ജല ക്രമീകരണസമിതി (JWRB) യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് മണക്കടവ് വിയറിൽ ചിറ്റൂർപുഴ പദ്ധതി പ്രദേശത്തിന്റെ കാർഷികാവശ്യങ്ങൾക്കായി 2016 മാർച്ച് അവസാനം വരെ ലഭ്യമാക്കുന്ന ജലത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

Fortnight	Quantity as per Agreement in Mcft	Agreed Quantity in Mcft
January II/2016	470	500
February I/2016	100	450
February II/2016	100	400
March I/2016	240	400
March II/2016	240	250

പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നുണ്ട്.

കരാറിലെ വ്യവസ്ഥകൾ പ്രകാരം ഷോളയാർ റിസർവോയർ നിറയ്ക്കലിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് സംസ്ഥാന സർക്കാരും, ജലസേചനവകുപ്പും, സംസ്ഥാന വൈദ്യുതി ബോർഡും തമിഴ്നാടിനോട് യഥാസമയം അഭ്യർത്ഥിച്ചിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് സാങ്കേതിക കാരണങ്ങളാൽ തടസ്സങ്ങൾ ഉണ്ടായാൽ; ആയത് പരിഹരിക്കുന്നതിനും, എത്രയും പെട്ടെന്ന് പ്രശ്നം പരിഹരിച്ച് കരാർ വ്യവസ്ഥ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിനും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും തമിഴ്നാടിനോട് കേരളം യഥാസമയം ആവശ്യപ്പെടാറുണ്ട്. പി.എ.പി. കരാർ പ്രകാരം സംസ്ഥാനത്തിന് അർഹതപ്പെട്ട മുഴുവൻ ജലവും നേടിയെടുക്കുന്ന കാര്യത്തിൽ അതീവ ജാഗ്രത വേണമെന്നുള്ള നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് അതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

ഒരു ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ സംവിധാനം

67 (1807) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ഓഫീസിന് ഒരു ഡി.ഡി.ഒ. (ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ) സംവിധാനം ഏർപ്പെടുത്തിയതു മൂലമുണ്ടായ പോരായ്മകൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly